## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 567** — **27/09/2011-ൽ മറുപടിക്ക്**

## ആലപ്പുഴ വികസന അതോറിറ്റി വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ വികസന അതോറിറ്റിയിൽ നിന്നും ഭവന നിർമ്മാണ വായ്പ എത്ര പേർക്ക് നൽകിയിട്ടുണ്ട്; അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) ആലപ്പുഴ വികസന അതോറിറ്റി നിർത്തലാക്കിയ ശേഷം 2009 വരെ നൽകിയ ഭവന വായ്പകൾ കൈകാര്യം ചെയ്യുന്ന കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനും, ആലപ്പുഴ നഗരസഭയും നൽകിയ വിവരമനുസരിച്ച് 386 പേർക്ക് ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്. അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിവിധ വിഭാഗത്തിൽപ്പെട്ട വായ്പക്കാരുടെ പട്ടിക ചുവടെ ചേർക്കുന്നു.<br><br>അമ്പലപ്പുഴ തെക്ക് 10<br>അമ്പലപ്പുഴ വടക്ക് 19<br>പുന്നപ്ര തെക്ക് 44<br>പുന്നപ്ര വടക്ക് 22<br>പുറക്കാട് 09<br>തകഴി 04<br>നെടുമുടി 04<br>ആകെ 112 എണ്ണം. |
| (ബി) പ്രസ്തുത വായ്പകൾ എഴുതി ത്തള്ളി പണയ ആധാരങ്ങൾ തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ